# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി16)1429/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/11/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി16)1429/2024 തീയ്യതി: 25/11/2024

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-10-2023 മുതൽ 23-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 01-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 01-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രസാദ് പി., ഓഡിറ്റ് ഓഫീസർ

സുധ ഇ.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജിഷ കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ലക്ഷമിപ്രിയ പി.ഒ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെയ്ക്ക് അബ്ദുൾകാദർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഹരിനാരായണൻ ഇ. എൻ. | സെക്രട്ടറി | 01-04-2023 | 13-11-2023 |
| ഷെരീഫ് എൻ. എം. | സെക്രട്ടറി | 14-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജമീല എം എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| അജി കെ. എ. | കൃഷി ഓഫീസർ | 01-04-2023 | 30-11-2023 |
| വിജിത എ. വി. | കൃഷി ഓഫീസർ | 01-12-2023 | 11-03-2024 |
| രേഖ സി. ആർ. | കൃഷി ഓഫീസർ | 12-03-2024 | 31-03-2024 |
| പ്രിയ ആർ. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഉഷ സലൂജ പി. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 25-08-2023 |
| ശ്രീഹരി എസ്. മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26-08-2023 | 31-03-2024 |
| അബ്ദുൾഷക്കൂർ പി. | വെറ്ററിനറി സർജൻ | 01-04-2023 | 05-07-2023 |
| ഡോ. ജോമി ജോൺ | വെറ്ററിനറി സർജൻ | 06-07-2023 | 31-03-2024 |
| സെക്കീന ഇ. പി. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 01-04-2023 | 19-07-2023 |
| ഹന്ന മുഹമ്മദ് | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 20-07-2023 | 23-07-2023 |
| സുരേഷ് എം.എസ്. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 24-07-2023 | 08-01-2024 |
| സുചിത്രൻ പി. ജി. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 09-01-2024 | 06-02-2024 |

| | | | |
|---|---|---|---|
| ഷുഹൈർ അബ്ദുൾ റഹ്മാൻ സി. പി. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 07-02-2024 | 12-02-2024 |
| കനകരാജ് എൻ. എസ്. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 13-02-2024 | 26-02-2024 |
| സുരേഷ് എം. എസ്. | വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ) | 27-02-2024 | 31-03-2024 |
| രഞ്ജിത്ത് റാഫേൽ | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 01-04-2023 | 05-04-2023 |
| സെക്കീന ഇ. പി. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 06-04-2023 | 12-04-2023 |
| ആര്യ പി. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 13-04-2023 | 08-06-2023 |
| സെക്കീന ഇ.പി. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 09-06-2023 | 26-06-2023 |
| ഹന്ന മുഹമ്മദ് | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 27-06-2023 | 12-09-2023 |
| സുരേഷ് എം. എസ്. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 13-09-2023 | 08-01-2024 |
| ഷുഹൈർ അബ്ദുൾ റഹ്മാൻ സി. പി. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 09-01-2024 | 24-02-2024 |
| കനകരാജ് എൻ. എസ്. | വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | 25-02-2024 | 31-03-2024 |
| രതി ആർ. മേനോൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-05-2023 |
| ഷൈബി എൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2023 | 31-03-2024 |
| ജിഷ കെ. ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഷിബുകുമാർ പി. കെ. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-05-2023 |
| മനോജ് സി. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-06-2023 | 06-06-2023 |
| ഷാൻ യു. | അസിസ്റ്റന്റ് ഫിഷറീസ് | 07-06-2023 | 23-03-2024 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | |
| അനു എ. ജെ. | ഫിഷറീസ് ഓഫീസർ | 24-03-2024 | 31-03-2024 |
| ഡോ ലത വി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| മോഹനൻ | ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ് - ചെറുതുരുത്തി) | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ നെഗറ്റീവ് ബാലൻസ് | 1-1-2 |
| 4 | പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | വസ്തു നികുതി-ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ലൈബ്രറി സെസ്സ് ഡിമാന്റ് തെറ്റായി കുറവ് ചെയ്തു | 1-1-5 |
| 7 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-6 |
| 8 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-7 |
| 9 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-8 |
| 10 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | മുൻകൂർ തുകകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-12 |
| 14 | തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-13 |
| 15 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | സുലേഖ പത്രികയിൽ വിവരങ്ങൾ അപൂർണ്ണം | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | ഫണ്ട് വിനിയോഗം | 1-3 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-5 |

| | | |
|---|---|---|
| 23 | ക്ഷേമ പെൻഷൻ | 1-6 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 25 | അഭ്യന്തര നിയന്ത്രണം | 1-8 |
| 26 | പോസ്റ്റ് ഒക്ക്യൂപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് . | 1-9 |
| 27 | വസ്തു നികുതി പരിഷ്കരണം - സഞ്ചയ സോഫ്റ്റ്‌വെയർ കാലികമാക്കിയിട്ടില്ല | 1-10 |
| 28 | സർക്കാർ ഉത്തരവുകൾക്കനുസൃതമായി വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-11 |
| 29 | 'CAMP NOU TURF'-വസ്തു നികുതി ഈടാക്കുന്നില്ല | 1-12 |
| 30 | ബഡ്സ് സ്കൂൾ - അവലോകനം | 1-13 |
| 31 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നൽകിയ 15000 രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 32 | ബയോഗ്യാസ് പ്ലാന്റ് നവീകരിക്കൽ -ലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 33 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 34 | തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-17 |
| 35 | ലൈഫ് ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 36 | ജിഎൽപി സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ അപാകത | 1-19 |
| 37 | തൊഴിലുറപ്പ് പദ്ധതി-പ്രവർത്തികളുടെ അവലോകനം | 1-20 |
| 38 | മരാമത്ത് പണികൾ -കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്തതിന് പിഴ പലിശ ഈടാക്കിയിട്ടില്ല | 1-21 |
| 39 | ഗ്രാമ സഭ യഥാസമയം ചേരുന്നില്ല | 1-22 |
| 40 | ഭരണസമിതി യോഗ മിനിട്ട്സ് അംഗീകരിക്കുന്നതിന് കാലതാമസം | 1-23 |
| 41 | ഹരിതകർമ്മസേന പ്രവർത്തനം അവലോകനം | 1-24 |
| 42 | ഇ-ടെണ്ടർ ഫീസിനത്തിലെ വരവ്-പാസ്സ് ബുക്ക് ഹാജരാക്കിയില്ല | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.05.2024 ലെ 1/(2) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 07.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 25.11.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2023-24 വർഷത്തിൽ സെക്രട്ടറി, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി എന്നിവർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് ഹോംകോ, കേരള മെഡിക്കൽ സർവീസ്

കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ തുക ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ലഭിച്ച മരുന്നിന്റെ വില | ഫണ്ട് | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 2/24- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 300000 | 42301359/ 24.11.2023 | 31.03.2024 വരെ ലഭ്യമായിട്ടില്ല | Maintenance Fund - Non-Road | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions |
| 76/24-പെയിൻ&പാലിയേറ്റീവ് | 200000 | 42301357/ 15.11.23 | 73818 ബാക്കി 126182 | Development Fund General | 251110501-Health Related Activties-Palliative Care |
| 53/24-എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 130000 | 42301332/ 10.10.23 | 126145 ബാക്കി 3855 | Maintenance Fund - Non-Road | 251110008-Medical Institution-Alloppathy-Purchase Of Medicines For Hospitals |

### 1-1-2 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ നെഗറ്റീവ് ബാലൻസ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ 320200113 എന്ന ശീർഷകത്തിൽ Development Fund-Central Finance Commission
Grant-Tied Fund ചെലവഴിക്കാൻ ബാക്കിയുള്ള തുക നെഗറ്റീവ് ആണ് (-66796).

### 1-1-3 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ടതും എന്നാൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | വിവരണം | 31.03.24 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100999 | Other Liabilities | 142720 |

## 1-1-4 വസ്തു നികുതി-ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

**ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | | കളക്ഷൻ | | |
|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 147098 | 239 | 147337 |
| | നോൺ-റെസിഡൻഷ്യൽ | 150923 | 3254 | 154177 |
| | ആകെ | | | 301514 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 301407 | | |
| | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)158412 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax”

എന്ന ശീർഷകത്തിൽ വരേണ്ട തുക 7543 (158412/105*5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 7551 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-1-5 ലൈബ്രറി സെസ്സ് ഡിമാന്റ് തെറ്റായി കുറവ് ചെയ്തു

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 301407 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 301514 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 284510 രൂപയാണ്. (വൗച്ചർ നം. 42300931, 42300932 തീ.15.02.24, 42301223 മുതൽ 42301226 വരെ തീ.31.03.24) (42+7476+81+3254+141967+131690)

## 1-1-6 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.3.2024 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 16871 | 549759 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 16993 | 30117 |

## 1-1-7 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/ തീയതി | ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buildings | 42300179/03.06.2023 | 2865508 |
| | 42301220/31.03.2024 | 37532 |
| 110100102-Property Tax On Non Residential Buildings | 42300180/03.06.2023 | 2975560 |
| | 42301221/31.03.2024 | 234144 |
| 130100101-Rent From Building | 42300178/03.06.2023 | 2507712 |
| | 42301238/31.03.2024 | 103637 |

## 1-1-8 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-9 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18, ഐ-19) എന്നിവ പ്രകാരം "290000000, 190000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290500101-Prior Period Expenses - Tax Remission & Refund-Propoerty Tax On Residential Buildings | 780 |
| 290800701-Prior Period Expenses-Miscellaneous Expenses | -230440 |
| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | |
| 190100102-Prior Period Income-Profession Tax-Institutions/Professionals/Traders | 125090 |
| 190200101-Prior Period Income - Rent From Building | 10796 |
| 190200201-Prior Period Income - Licence Fees | -13832 |
| 190200401-Prior Period Income – Other Incomes | 8434637 |

## 1-1-10 മുൻകൂർ തുകകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ | വരുമാനം | മുൻകൂർ ശീർഷകം | 31/3/2024 ലെ |
|---|---|---|---|

| നമ്പർ | | | മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues- Profession Tax /Inst/Trad/ Prof | 120460 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues- Licence Fees For Factories & Traders | 124920 |

**1-1-11 കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431100104 -Receivables For Property Tax On Non-Residential Buildings (Arrears) എന്ന ശീർഷകത്തിൽ 88136 രൂപ ലഭിക്കാൻ അവശേഷിക്കുന്നു. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം രണ്ട് വർഷത്തിലധികമായി പിരിഞ്ഞു കിട്ടാതെ ശേഷിക്കുന്ന ഡിമാന്റുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. മേൽ തുക ഏതെല്ലാം വർഷത്തെ ഡിമാന്റുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം Provision For Doubtful Receivables എന്ന ശീർഷകത്തിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-12 ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല**

2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 20412275 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

**1-1-13 തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു**

2023-24 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 1008794 രൂപയും കൂലി ചെലവ് (റെവന്യൂ ചെലവ്) 15607016 രൂപയും മൂലധന ചെലവ് 7894495 രൂപയും കൂടി ആകെ ചെലവ് 24510305 രൂപയാണ്. "256100116- Administrative Expenses- Mahatma Gandhi NREGA/AUEGS" എന്ന ശീർഷകത്തിൽ ഭരണ ചെലവ് 1008794 രൂപയും "253100101- Total Poverty Alleviation എന്ന ശീർഷകത്തിൽ റെവന്യൂ ചെലവ് 15607016 രൂപയും ചെലവായി ഉൾപ്പെടുത്തുന്നതിന് പകരം ഇൻകം ആന്റ് എകസ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ്പദ്ധതിയുടെ ആകെ ചെലവ് തുക 24510305 രൂപ "253100101- Total Poverty Alleviation എന്ന ശീർഷകത്തിലാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-1-14 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-15 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

1. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു.

I) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

Ii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

Iii) ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ

Iv) പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

V) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

Vi) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

Vii) വാടക ഡിമാന്റ് രജിസ്റ്റർ

Viii) ലേലം രജിസ്റ്റർ

Ix) ക്രിമറ്റോറിയം രജിസ്റ്റർ

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 79269 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതിയിട്ടില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

## 1-1-16 വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | കളക്ഷൻ |
|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | രജിസ്റ്റർ പ്രകാരം | 2611349 |
| | വാർഷിക കണക്ക് പ്രകാരം | 2537562 |

## 1-1-17 സുലേഖ പത്രികയിൽ വിവരങ്ങൾ അപൂർണ്ണം

സർക്കാർ ധനസഹായത്തിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ള പ്രൊജക്ടുകൾക്കായി സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള ജി.ഒ പ്രൊജക്ടുകളായ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി), അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയിൽ അടങ്കൽ തുക രേഖപ്പെടുത്താതെ ചെലവ് തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

06.03.2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

07.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | ബജറ്റ് ക്ഷിപ്തം | റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 1771728 | 1771728 |
| | | |

| | | |
|---|---|---|
| തൻവർഷം വരവ് | 270895000 | 251721000 |
| ആകെ വരവ് | 272666728 | 253492728 |
| ചെലവ് | 270479000 | 251495577 |
| നീക്കിയിരിപ്പ് | 2187728 | 1997151 |

..

ബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ വരവിനത്തിൽ 19174000 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 0 | 16902000 | 16902000 | 12464524 | 4437476* |
| വികസനഫണ്ട്-എസ്.സി.പി | | 0 | 6979000 | 6979000 | 4678960 | 2300040* |
| മെയിന്റനൻസ്, റോഡ് | | 0 | 12952650 | 12952650 | 1932527 | 11020123* |
| മെയിന്റനൻസ്, നോൺ റോഡ് | | 0 | 3558000 | 3558000 | 3558000 | 0* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ബേസിക്) | | 390669 | 2799000+ 114569 (പലിശ)= 2913569 | 3304238 | 785302 (237/- രൂപ ബാങ്ക് ചാർജ് ഉൾപ്പടെ ) | 2518936** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്(ടൈഡ്) | | 2981025 | 2099000 | 5080025 | 5146821 | -66796** |
| Total Sanitation | 190587 | 4507+3778 (പലിശ)= | 198872 | 97874+31 +177=98082 | 100790** | |

| | | | | | | |
|---|---|---|---|---|---|---|
| | | 8285 | | (ബാങ്ക് ചാർജ് +ശുചിത്വ മിഷൻ ഗ്രാന്റ്) | | |
| ICDS | | 1058347 | 2449044 | 3507391 | 1491801 | 2015590** |
| LIFE (State Share) | | 516798 | 1600000 | 2116798 | 516798+ 649(ബാങ്ക് ചാർജ്)= 517447 | 1599351** |
| Vimukthi | | 14500 | 0 | 14500 | 0 | 14500** |
| Jalanidhi | | 5122 | 0 | 5122 | 0 | 5122** |
| Health Grant Diagnostic (Infrastructure) | | 161758 | 936894 | 1098652 | 310879 | 787773** |
| Health Grant (Wellness) | | 92856 | 392513 | 485369 | 177928 | 307441** |
| Health Grant (Buildingless) | | 0 | 2805500 | 2805500 | 0 | 2805500** |
| Other Schemes | | 0 | 100000 | 100000 | 0 | 100000 |
| Other Liabilities | | 142720 | 0 | 142720 | 0 | 142720 |
| Beneficiary Contributions | | 1254 | 418888 | 420142 | 414163 | 5979 |

കുറിപ്പ്:

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്നയിനത്തിലെ വരവിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും വികസന ഫണ്ട്- എസ്.സി.പി. എന്നയിനത്തിലെ വരവിൽ ലൈഫ്

മിഷൻ വായ്പാതിരിച്ചടവ് എന്നയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്(ടൈഡ്) നീക്കിയിരിപ്പ് നെഗറ്റീവ് ആണ്. ഇത് സംബന്ധിച്ച് ഖ.1-1-2ൽ പ്രതിപാദിച്ചിട്ടുണ്ട്.

3) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികൾ | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 170 | 116651492 | 103 | 40669397 | 34.86 | 60.58 |

.....

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 00 | 1008794 | 1008794 | 1008794 | 00 |
| ഗുണഭോക്താക്കൾക്ക് നല്കുന്നത് | 00 | 15607016 | 15607016 | 15607016 | 00 |
| മെറ്റീരിയൽ കോസ്റ്റ് | 00 | 7894495 | 78944495 | 7894495 | 00 |
| ആകെ | 00 | 24510305 | 24510305 | 24510305 | 00 |

## 1-6 ക്ഷേമ പെൻഷൻ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2072000 | 1354 |
| വിധവാ പെൻഷൻ | 14287500 | 10071 |
| വാർദ്ധക്യകാല പെൻഷൻ | 19955600 | 13743 |
| വികലാംഗപെൻഷൻ | 3748900 | 2449 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 1232400 | 783 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2024 തീയതിയിൽ 2.45 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,941 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 അഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യൂപ്പൻസിക്ക ശേഷം പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. ചട്ടം 21 (1 ) പ്രകാരം രണ്ട് നിലവരെയുള്ള താമസകെട്ടിടങ്ങളും 50 ച. മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും ഗ്രൂപ് ജി1, ഗ്രൂപ് ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. ചട്ടം 21 (2) പ്രകാരം ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനു ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്കപൻസി ഓഡിറ്റ് നടത്താവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം 2023-24 ൽ പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ലെന്നും ആയത് 2024-25 വർഷം നടത്തുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 06/25.09.24) നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പോസ്റ്റ് ഒക്കുപെൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തു നികുതി പരിഷ്കരണം - സഞ്ചയ സോഫ്റ്റ്‌വെയർ കാലികമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്തരാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്തരാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 തീയതിയിലെ സ.ഉ.(കൈ) നം. 77/2023/LSGD നമ്പർ ഉത്തരവ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/LSGD നമ്പർ വിജ്ഞാപനം എന്നിവയ്ക്ക വിധേയമായി വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിലെ വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 01.04.23 തീയതി പ്രാബല്യത്തിൽ 25.09.2023 തീയതിയിലെ ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിരുന്നു. എന്നാൽ 2023-24 ൽ കെട്ടിട നമ്പർ നല്കിയിട്ടുള്ള പുതിയ കെട്ടിടങ്ങളുടെ രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളിൽ പുതുക്കിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട ഉടമ | നിർമ്മിത വിസ്തൃതി (ച.മീ.)/ ഉപയോഗക്രമം | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ടിയിരുന്ന നിരക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | VIII- 127/ A,B,C,E,F,G,H, | അമീർ അലി &ആസ്യ | 403.86/ റസിഡൻഷ്യൽ ഫ്ലാറ്റ് | 6 | 8 |
| 2 | VIII- 127/D | അമീർ അലി &ആസ്യ | 18.05/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 40 | 50 |
| 3 | XV-514D | എസ് രാജീവ് | 357.78/ പാർപ്പിടാവശ്യം-300 ച.മീ-ന മുകളിൽ | 6 | 8 |
| 4 | XVI- 255 C,D,E,F | സുരേഷ്, ചരക്കുമലിൽ വീട് | 75.22/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 40 | 50 |
| 5 | XIII-183H,I,J | മോഹൻദാസ്& കേശവദാസ് | 390.97/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം (യഥാർത്ഥത്തിൽ വേണ്ടിയിരുന്നത് 100 ച.മീറ്റർ ന മുകളിൽ 500ച.മീറ്റർ വരെ തറ വിസ്തീർണ്ണം) | 50 | 60 |
| 6 | VII-118A | ഉസ്മാൻ, വലിയകത്ത് വീട് | 47.49/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 40 | 50 |
| 7 | VII -544D | രാജേന്ദ്രൻ വി.എൻ | 67.47/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 40 | 50 |
| 8 | XIV-362 D,E,F,G | ഹംസ പി കെ & മുഹമ്മദ് ഷിഹാസ് പി എച്ച് | 275.51/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ 500മുകളിൽ ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 50 | 60 |
| 9 | IV/298 C | സുരേന്ദ്രൻ, തെക്കേവട്ടേക്കാട്ട് | 169.20/ വാണിജ്യാവശ്യത്തിനുള്ളവ, 100 ച.മീറ്റർ ന മുകളിൽ 500ച.മീറ്റർ വരെ തറ വിസ്തീർണ്ണം | 50 | 60 |

ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം, 2023-24 വർഷം 258 കെട്ടിടങ്ങൾക്ക് നമ്പർ കൊടുക്കുകയും വസ്തു നികുതി

ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം കെട്ടിട നമ്പർ നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും സഞ്ചയ സോഫ്റ്റ്‌വെയറിൽ ശരിയായ വസ്തുനികുതി നിരക്ക് ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 സർക്കാർ ഉത്തരവുകൾക്കനുസൃതമായി വസ്തുനികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 (ബിഎ) പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ്, 28.03.2023 ലെ 18-ാം ആക്ട് പ്രകാരം 01.04.2023 തീയതി പ്രാബല്യത്തിൽ നീക്കംചെയ്തിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം താഴെ നല്കിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 6/372 | അമൃത വിദ്യാലയം |

മേൽ സ്ഥാപനത്തിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം $10m^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള വിസ്തീർണ്ണം പരിശോധിച്ച് ഉറപ്പ് വരുത്തി, ആവശ്യമായ മാറ്റം വരുത്തുകയും വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 07/25.09.24).

## 1-12 'CAMP NOU TURF'-വസ്തു നികുതി ഈടാക്കുന്നില്ല

വസ്തുനികുതി പരിഷ്കരണ ഉത്തരവ് സ.ഉ.(അച്ചടി) നം.25/2023/LSGD/5.4.23 നമ്പർ പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ എന്ന ഉപയോഗക്രമത്തിന് കുറഞ്ഞത് 25, കൂടിയത് 45 എന്ന് നിരക്ക് നിശ്ചയിച്ചിട്ടുള്ളതും പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് 25 രൂപ ച. മീറ്ററിന് നിരക്ക് നിശ്ചയിക്കുകയും ചെയ്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 14-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന 'ക്യാംപ് നൗ ടർഫ്'' -ൽ നിന്നും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടർഫിന്റെ മുഴുവൻ ഏരിയയ്ക്കും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിന് കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/01.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് പരിശോധനയിലൂടെ മേൽ സൂചിപ്പിച്ച സ്ഥാപനവും സമാനമായ മറ്റ് സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ടെങ്കിൽ ആയവയും പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ബഡ്സ് സ്കൂൾ - അവലോകനം

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പറും | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ പ്രൊജക്ട് നമ്പർ 15/24 |
| നിർവ്വഹണോദ്യോഗസ്ഥ | ശ്രീമതി ജമീല എം. എം. അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 756913 വികസന ഫണ്ട്-ജനറൽ |
| ചെലവ് | 691658 |

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ താത്കാലികമായി നിയമിച്ച ഒരു അസിസ്റ്റന്റ് ടീച്ചറും ഒരു ആയ/

ഹെൽപ്പറും ഡ്രൈവറുമാണുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ ടീച്ചർക്ക് ഓണറേറിയമിനത്തിൽ 270920 രൂപയും ആയ/ഹെൽപ്പർക്ക് 203490 രൂപയും വാഹന വാടകയായി 203700 രൂപയും ഭക്ഷണം/ പലവ്യഞ്ജനങ്ങൾക്കായി 13548 രൂപയുമടക്കം ആകെ 691658 രൂപ ചെലവായിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ നല്കുന്നു.

1. സർക്കാർ ഉത്തരവ് (കൈ)നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 7.1.9 പ്രകാരം 29.07.2009ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/ത.സ്വ.ഭ.വ, 06.04.2013-ലെ ജി.ഒ.(എം.എസ്) നം. 144/2013/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണെന്ന് പറയുന്നുണ്ട്. എന്നാൽ റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

2. മേൽ ഉത്തരവുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരും പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തണമെന്ന് പറയുന്നുണ്ട്. എന്നാൽ മേൽ നിബന്ധന പാലിച്ചിട്ടില്ല.

3. സർക്കാർ ഉത്തരവ് (കൈ)നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 7.1.8 പട്ടിക 1-ൽ നിർദ്ദേശിക്കുന്ന യോഗ്യതകളില്ലാത്ത ടീച്ചറെയാണ് സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ളത്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 02/2023-24 തിയ്യതി 24.09.2024) 28.09.2024ന് ലഭിച്ച മറുപടിയിൽ 2014 ഒക്ടോബർ 10-ാം തിയ്യതി മുതൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചുവെന്നും നിലവിൽ 20 വിദ്യാർത്ഥികൾ ഉണ്ടെന്നും. 21.03.2023 ന് സാമൂഹ്യക്ഷേമവകുപ്പിലേക്ക് രജിസ്റ്റ്രേഷൻ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നല്കിയിട്ടുണ്ടെന്നും എന്നാൽ ഇതുവരേയും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും രജിസ്റ്റ്രേഷൻ ലഭിച്ചിട്ടില്ലെന്നും അറിയിച്ചു. സർക്കാർ ഉത്തരവ് (കൈ)നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 7.1.8 പട്ടിക 1 പ്രകാരം യോഗ്യരായ സ്പെഷ്യൽ ടീച്ചറിന്റെ സേവനം ലഭിക്കാത്തതിനാലാണ് മേൽ ഉത്തരവിലെ 7.1.8(2) പ്രകാരമുള്ള അസിസ്റ്റന്റ് ടീച്ചറെ (Without Special Training) നിയമിച്ചതെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

സ്ഥാപനത്തിന് രജിസ്ട്രേഷൻ ലഭ്യമാക്കി, യോഗ്യരായ അദ്ധ്യാപകരെ നിയമിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-മാനദണ്ഡങ്ങൾക്ക വിരുദ്ധമായി നൽകിയ 15000 രൂപ തടസ്സപ്പെടുത്തുന്നു

.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പറും | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>പ്രൊജക്ട് നമ്പർ 191/24 |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 30000 വികസന ഫണ്ട്-ജനറൽ<br>132000 എസ്.സി.പി<br>---------<br>1350000 |
| ചെലവ് | 1350000 |

മേൽ പദ്ധതിയിൽ സ്കോളർഷിപ്പ് ലഭിച്ച അഭിജിത്ത് വി.എം. വെളുത്തേടത്ത് പറമ്പിൽ വീട്, ചെറുതുരുത്തി എന്ന

വിദ്യാർത്ഥി ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ & റിസേർച്ച് & ആയൂർവേദ എന്ന സ്ഥാനത്തിൽ പഞ്ചകർമ്മ തെറാപ്പി കോഴ്സിൽ പരിശീലനം നടത്തുന്ന വിദ്യാർത്ഥിയാണ്. ഫയലിൽ മേൽ കോഴ്സ് സർട്ടിഫൈഡ് കോഴ്സ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ വിദ്യാർത്ഥിയ്ക്ക് ധനസഹായമായി 15000 രൂപ നല്കിയിട്ടുണ്ട്. (965000 വൗച്ചർ നമ്പർ 42301323 തിയ്യതി 05.09.2023)

28.05.2024 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ)നം. 115/2022/ത.സ്വ.ഭ.വ ഖണ്ഡിക 7.2.4 പ്രകാരം +2 വിനു ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ്, ബിരുദം, ബിരുദാനന്തര ബിരുദം, മെഡിക്കൽ, എഞ്ചിനീയറിഗ്, ഡിഗ്രി തുടങ്ങിയ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നല്കാവുന്നത്. എന്നാൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിൽ പ്രസ്തുത കോഴ്സ് സർക്കാർ അംഗീകൃത റഗുലർ കോഴ്സാണോ എന്ന് വ്യക്തമല്ല.

മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഓഡിറ്റ് (എൻക്വയറി നം. 03/2023-24 തിയ്യതി 24.09.2024) നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും 28.09.2024ന് ലഭിച്ച മറുപടിയിൽ, വിദ്യാർത്ഥി പഠിക്കുന്ന ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ ആൻറ് റിസേർച്ച് എന്ന സ്ഥാപനത്തിന് മേൽ കോഴ്സ് പ്ലസ് ടു യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള റഗുലർ കോഴ്സാണോ എന്നാരാഞ്ഞുകൊണ്ട് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയാക്കാമെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ലഭിച്ച മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ സ്കോളർഷിപ്പായി നല്കിയ 15000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ബയോഗ്യാസ് പ്ലാന്റ് നവീകരിയ്ക്കൽ -ലക്ഷ്യം കൈവരിച്ചില്ല

പഞ്ചായത്ത് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് റിപ്പയർ ചെയ്ത് വൈദ്യുതി ഉല്പാദിപ്പിയ്ക്കുന്നതിനു ലക്ഷ്യമിട്ട് 2022-23, 2023-24 വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, താഴെ പറയും പ്രകാരം പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| വർഷം | 2022-23 | 2023-24 |
|---|---|---|
| പ്രോജക്ട് നമ്പർ/പേര് | 290/23-ബയോഗ്യാസ് പ്ലാന്റ് റിപ്പയർ | 166/24 -ബയോഗ്യാസ് പ്ലാന്റ് റിപ്പയർ -സ്പിൽ ഓവർ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 6,53,400 | 1,99,926 |
| ചെലവ് | 4,53.474 | 1,94,346 |
| വൗച്ചർ നമ്പർ/ തിയതി | 42201164/21.03.23 | 22300157/19.05.23 |

2022-23-ൽ 6,47,820 രൂപയ്ക്ക് ടെണ്ടർ സമർപ്പിച്ച ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും സ്ഥാപനം പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന സ്ഥാപനത്തിനു പാർട്ട് ബിൽ ആയി 4,53, 474 രൂപ യും തുടർന്ന് 2023-24-ൽ ബയോഗ്യാസ് പ്ലാന്റ് റിപ്പയറിംഗ് സ്പിൽ ഓവർ എന്ന പ്രൊജക്ട് പ്രകാരം ബാലൻസ് തുകയായ 1,94,346 രൂപയും നല്കിയിട്ടുണ്ട്.

നിലവിൽ പ്രസ്തുത പ്ലാന്റ് പ്രവർത്തന യോഗ്യമായി വൈദ്യുതി ഉല്പാദിപ്പിയ്ക്കുന്നുണ്ടോ, പ്ലാന്റിന്റെ പ്രവർത്തന മേൽനോട്ട ചുമതലയും പരിപാലന ചുമതലയും ആർക്കാണ് നല്കിയിരിയ്ക്കുന്നത് എന്നുമുള്ള വിവരം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (3/25.09.24) പ്രസ്തുത പ്ലാന്റ് ഓപ്പറേറ്റ് ചെയ്യുന്നതിന് ആളെ ലഭിക്കാത്ത സാഹചര്യത്തിൽ ഭാരത് ബയോടെക് എന്ന സ്ഥാപനത്തിന് കത്ത്

അയക്കുകയും ആയതിന് ബയോഗ്യാസ് പ്ലാന്റ് ഓപ്പറേറ്ററും, പാർട് ടൈം സൂപ്പർവൈസറും, മറ്റ് ബയോടെക് സേവനങ്ങളും അടക്കം പ്രതിമാസം 19,000 രൂപ ചെലവ് വരുന്ന രീതിയിൽ സ്ഥാപനം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടാൻ തയ്യാറാണെന്നും അറിയിച്ച് മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2024-25 ൽ പ്രൊജക്ട് തയ്യാറാക്കി അംഗീകാരത്തിനായി ഡി.പി.സി. ക്ക് സമർപ്പിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അംഗീകാരം ലഭിച്ചില്ല. ആയതിനാൽ 2025 മാർച്ച് വരെയുള്ള ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അടുത്ത ഭരണസമിതി യോഗത്തിൽ തീരുമാനിക്കുന്നതിന് അജണ്ട തയ്യാറാക്കിയിട്ടുണ്ടെന്നും കമ്മിറ്റി തീരുമാനം ലഭിക്കുന്ന മുറക്ക് സ്ഥാപനവുമായി കരാറിലേർപ്പെട്ട് ഓപ്പറേറ്ററെ നിയമിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എത്രയും വേഗം പ്ലാന്റ് ഓപ്പറേറ്ററെ നിയമിച്ച് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-16 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടിന്റെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1. | 8/24 സർവ്വശിക്ഷ അഭിയാൻ (വികസന ഫണ്ട് ജനറൽ) | ജില്ല പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ., തൃശ്ശൂർ | 42301293/27.06.2023 | 1,50,000 |

പ്രൊജക്ട് പൂർത്തിയാകുന്ന മുറക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.4/25.09.24)

**1-17 തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല**

2023-24 വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമേ മരുന്നുകൾ ലഭ്യമായിട്ടുള്ളു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | പെയിൻ&പാലിയേറ്റീവ് (76/24) | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ(53/24) |
|---|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 2,00,000/- (PRF 1994/06.11.23) | 1,30,000/- (PRF 1590/06.10.23) |
| വൗച്ചർ നം. | 42301357/15.11.23 | 42301332/10.10.23 |

| | | | | |
|---|---|---|---|---|
| തീയതി. | | | | |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | 30602/22.03.24<br>30691/23.03.24<br>1036/05.04.24<br>5295/13.05.24<br>6073/18.05.24<br>12873/13.06.24<br>20832/05.07.24<br>22096/08.07.24<br>25601/16.07.24<br>36152/07.08.24<br>ആകെ | 6,552<br>4,929<br>5,375<br>10,820<br>32,411<br>694<br>9,074<br>2,733<br>782<br>448<br>73818 | 13049/01.08.24<br>6102/18.05.24<br>259/02.04.24<br>2137/06.04.24<br>28001/26.02.24<br>27391/21.02.24<br>25862/01.02.24<br>25559/27.01.24<br>21090/18.11.23<br>ആകെ | 3,094<br>14,320<br>44,419<br>17,080<br>981<br>2,778<br>9,072<br>30,184<br>4,217<br>1,26,145 |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം | 1,26,182/- | | 3,855 | |

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11/28.09.24)

## 1-18 ലൈഫ് ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി (ജനറൽ), ലൈഫ് ഭവന പദ്ധതി (എസ്.സി) എന്നീ പ്രൊജക്കുകൾ പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി (ജനറൽ) | ജസീന, ആലിക്കൽ വീട് പുതുശ്ശേരി, ചെറുതുരുത്തി | 23.06.2023 | 40,000/- |
| 2 | | മണികണ്ഠൻ, അമ്പലംകുന്നത്ത് വീട്, നെടുമ്പുര, ചെറുതുരുത്തി | 24.08.2023 | 40,000/- |
| 3 | | അമ്മു, കോഴിമാംപറമ്പ് കുംബാര കോളനി, ചെറുതുരുത്തി | 16.11.2023 | 40,000/- |

| | | | | |
|---|---|---|---|---|
| 4 | | ഗോവിന്ദൻ, കുംബാര കോളനി, ചെറുതുരുത്തി | 16.11.2023 | 40,000/- |
| 5 | | കുഞ്ഞി അപ്പു, കോഴിമാംപറമ്പ് കുംബാര കോളനി, ചെറുതുരുത്തി | 16.11.2023 | 40,000/- |
| 6 | | മുഹമ്മദ്, മാളിയേക്കൽ വീട് വെട്ടിക്കാട്ടിരി, ചെറുതുരുത്തി | 16.11.2023 | 40,000/- |
| 7 | | തങ്കമ്മ, പൊൻപ്ര വീട് വെട്ടിക്കാട്ടിരി, ചെറുതുരുത്തി | 16.11.2023 | 40,000/- |
| 8 | | അമ്മിണി, കുംബാര കോളനി, ചെറുതുരുത്തി | 16.11.2023 | 40,000/- |
| 9 | ലൈഫ് ഭവന പദ്ധതി (എസ്.സി) | സരോജിനി വേലായുധൻ കോഴിമാംപറമ്പ് കോളനി, ചെറുതുരുത്തി | 25.03.2023 | 40,000/- |
| 10 | | കൊച്ചു മാധവൻ, കോഴിമാംപറമ്പ് കോളനി, ചെറുതുരുത്തി | 25.03.2023 | 40,000/- |
| 11 | ,, | പ്രീത ദാസൻ, കോരംപള്ളത്ത്, പുതുശ്ശേരി ചെറുതുരുത്തി | 07.07.2023 | 40,000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/28.09.24) മറുപടിയായി എത്രയും പെട്ടെന്ന് ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ജിഎൽപി സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് | 74/24 |

| | |
|---|---|
| നമ്പർ | |
| അടങ്കൽ | 503176 (ഡെവലപ്മെന്റ് ഫണ്ട്-ജനറൽ 1000 + തനത് ഫണ്ട് 50000+മെയിന്റനൻസ് ഫണ്ട് റോഡിതരം 452176) |
| ചെലവ് | 280984 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| വൗച്ചർ നമ്പർ & തീയതി | 42301441/19.03.2024 |

ഹെഡ് മാസ്റ്റർ, ഗവ. എൽപി സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജിഎൽപി സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം 280984 രൂപ ചെലവഴിച്ചിട്ടുണ്ട് (ആകെ ചെലവ് 452176 Tax Invoice No.OLR/23-24/295 തിയ്യതി 05.03.2024). വിശദാംശം താഴെ ചേർക്കുന്നു.

| Sl No. | Item | Unit Price | Quantity | Gross |
|---|---|---|---|---|
| 1 | Kindergarten Table (4 Petal Round Shape Table) | 7728 | 7 | 54096 |
| 2 | Kindergarten Table (4 Petal Flower Shape Table) | 7952 | 7 | 55664 |
| 3 | Kindergarten Table (4 Petal Flower-02 Shape Table) | 8199 | 7 | 57393 |
| 4 | Kindergarten Table (HE* Table) | 8736 | 7 | 61152 |
| 5 | Table(Designer Cloud Table) | 4273 | 2 | 8546 |
| 6 | Table(Sand Play Table) | 4555 | 2 | 9110 |
| 7 | Table(Kids Activity Table) | 4555 | 2 | 9110 |
| 8 | Chair (KG Chair) | 704 | 182 | 128128 |
| | Total(Gst 18% ഉൾപ്പെടെ) | | | 452176 |

സ.ഉ (സാധാ) നം.97/2022/എസ്.പി.ഡി തീയതി 23.12.2022, ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമുള്ള സിഡ്കോ ഉല്പന്നങ്ങൾ മാത്രമാണ് ടെൻഡർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്. മേൽ ഉല്പന്നങ്ങൾ സിഡ്കോ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സ.ഉ (സാധാ) നം.97/2022/എസ്.പി.ഡി തീയതി 23.12.2022, സ.ഉ (സാധാ) നം.147/2023/എസ്.പി.ഡി തീയതി 16.12.2023 എന്നിവ പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഉല്പന്നങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്തുവാൻ പാടുള്ളൂ. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി-പ്രവർത്തികളുടെ അവലോകനം

2023-24 വർഷം ഗ്രാമപഞ്ചായത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രൈസ് സോഫ്റ്റ്വെയർ ഒബ്സർവ്ഡ് ഡേറ്റ പ്രകാരം ക്വാറി വേസ്റ്റിന് ക്യുബിക്ക് മീറ്ററിന് എല്ലാ നികുതികളും അടക്കം 940 രൂപയാണ് (OD66575/2023-24)

നൽകിയിരിക്കുന്നത്. എന്നാൽ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹1350 എന്നീ നിരക്കാണ് അനുവദിച്ച് നല്കിയിട്ടുള്ളത്. സിമന്റിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം മെട്രിക് ടണ്ണിന് എല്ലാ നികുതികളും അടക്കം ₹ 6822 (Specification Code 4.1.6) നല്കിയപ്പോൾ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹10240 എന്ന നിരക്കാണ് അനുവദിച്ച് നല്കിയിട്ടുള്ളത്. MGNREGS പ്രവൃത്തികളിൽ തുക അനുവദിച്ചതും, എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ സിമന്റ്, ക്വാറി മക്ക് എന്നിവയ്ക്ക് നല്കിയ തുകയും സംബന്ധിച്ച വ്യത്യാസം താഴെനല്കുന്നു.
